സെന്റ്. അഗസ്റ്റിൻസ് എൽ. പി
സ്കൂൾ, പഴങ്ങനാട്

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

# താരുന്തോണി



# വിദ്യാലയ വികസന പദ്ധതി

## സെന്റ്. അഗസ്റ്റിൻസ് എൽ.പി.എസ്

## പഴങ്ങനാട്

തമസോമാ ജ്യോതിർ ഗമയ

ST. AUGUSTINE'S L.P SCHOOL PAZHANGANAD

സത്യം വദ:
ധർമ്മം ചര:
സ്നേഹം സദ:

നന്മയുടെ വിളക്കുമരം ; നാളെയുടെ വഴികാട്ടി

ജില്ല : എറണാകുളം

വിദ്യാഭ്യാസ ജില്ല : ആലുവ

വിദ്യാഭ്യാസ ഉപജില്ല : കോലഞ്ചേരി

സ്ഥാപിത വർഷം : 1960

## ആമുഖം

# വിദ്യാലയ ചരിത്രം

പ്രകൃതിരമണീയത കവിഞ്ഞൊഴുകുന്ന പല തുരുത്തുകൾ ചേർന്ന വലിയൊരു പ്രദേശമാണ് പഴങ്ങനാട് നാനാജാതിമതസ്ഥരായ ആളുകൾ കൈകോർത്തു ജാതിമതഭേദമന്യേ ഏകോദരസഹോദരങ്ങളെ പോലെ നിവസിക്കുന്ന ശാന്തസുന്ദരമായ കൊച്ചുഗ്രാമം. അര നൂറ്റാണ്ട് മുമ്പുവരെ ഇവിടത്തെ ആളുകൾ പ്രാഥമിക വിദ്യാഭ്യാസത്തിനായി കിലോമീറ്റർ കാൽനടയായി യാത്ര ചെയ്യേണ്ടിയിരുന്നു. ഇതിനു പരിഹാരമായി പഴങ്ങനാട് ഒരു പള്ളിക്കൂടമുണ്ടാകാൻ പലരും അക്ഷീണം പ്രയത്നിക്കുകയും 1960 ൽ സ്കൂൾ സ്ഥാപിതമാവുകയും ചെയ്തു. മാനേജറായി റവ. ഫാ. ജേക്കബ് മാമ്പിള്ളി. ഹെഡ്മിസ്ട്രസായി റവ. സിസ്റ്റർ ഗ്ലോറിയ എസ്. ഡി അസിസ്റ്റന്റായി റവ. സിസ്റ്റർ ജോസഫ് എസ്. ഡി എന്നിവരും നിയമിതരായി.

പുതിയ അംഗീകൃത സ്കൂൾ നിലവിൽ വന്നപ്പോൾ 1960-ൽ ഒന്നും രണ്ടും ക്ലാസ്സുകളും 1961-ൽ മൂന്നാം ക്ലാസും 1962-ൽ നാലാം ക്ലാസും ആരംഭിച്ചു. ഇപ്പോൾ ഏറെ സൗകര്യത്തോടു കൂടിയ പുതിയ കെട്ടിടത്തിലാണ് വിദ്യാലയം പ്രവർത്തിക്കുന്നത്. അറബി പ്രത്യേക വിഷയമായി പഠിപ്പിക്കുന്നു. കോലഞ്ചേരി ഉപജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായി നാടിന്റെ കെടാവിളക്കായി ഇന്നും ഈ വിദ്യാലയം നിലകൊള്ളുന്നു.

## (B) നിലവിലെ അവസ്ഥ

കുട്ടികളുടെ എണ്ണം

| Std | Boys | Girls | Total |
|---|---|---|---|
| I | 22 | 21 | 43 |
| II | 20 | 29 | 49 |
| III | 25 | 20 | 45 |
| IV | 25 | 19 | 44 |

അധ്യാപകരുടെ എണ്ണം

L.P.SA - 7

Arabic - 1

H.M - 1

Total - 9

## C ലഭ്യമായ വിഭവങ്ങൾ, പ്രത്യേകതകൾ

- കെട്ടുറപ്പുള്ള കെട്ടിടം, കുടിവെള്ള സൗകര്യം
- ചുറ്റുമതിൽ, വാഹന സൗകര്യം
- മികച്ച P.T.A, കളിസ്ഥലം
- ലൈബ്രറി
- പരസ്പര സഹകരണം
- വിദഗ്ധരും പരിചയസമ്പന്നരുമായ അധ്യാപകർ
- ടോയ്‌ലറ്റ് സൗകര്യങ്ങൾ

സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതി-
സന്ധികൾ, പരിമിതികൾ

കുട്ടികളുടെ കായികശേഷി വികാസത്തിന് ഉതകുന്ന പ്രത്യേക പരിശീലനം നേടിയ അധ്യാപകരുടെ അഭാവം, കായിക പരിശീലന സ്ഥലം, പ്രവൃത്തി-പരിചയ കലാപഠനത്തിന് പ്രത്യേക പരിശീലനം നൽകുവാൻ സ്പെഷ്യൽ അധ്യാപകരുടെ ലഭ്യതക്കുറവ്, ക്ലാസ് മുറികളിൽ ഇരുന്ന് ഭക്ഷണം കഴിക്കുന്ന കുട്ടികൾക്ക് പ്രത്യേക ഭക്ഷണശാല ഇല്ലാത്തതിന്റെ കുറവ്, ഭൂഗർഭ ജലനിരപ്പ് അനുദിനം താഴ്ന്നു പോകുന്നതിനാൽ ഒരു മഴവെള്ള സംഭരണിയുടെ അഭാവം.

# വിദ്യാലയ വികസന കാഴ്ചപ്പാട്

മേഖലകൾ

അക്കാദമികം

- ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയത്തിൽ പ്രത്യേക പരിശീലനം
- പിന്നോക്ക നിലവാര വിദ്യാർത്ഥികൾക്ക് പ്രത്യേക പാഠ്യപദ്ധതി രൂപീകരണം
- ഭാഷാശേഷി വികസിപ്പിക്കൽ (വാർത്ത വായന)
- വാർത്തയിൽ നിന്നും ക്വിസ് മത്സരം (മാസത്തിൽ ഒരിക്കൽ)
- കൈയെഴുത്തു മാസിക നിർമ്മാണം
- ലൈബ്രറി വികസനം, വായനമുറി സജ്ജീകരണം
- സാഹിത്യസമാജം, കോറ ക്ലബ്ബ്
- കലാകായിക പരിശീലനം
- പഠനയാത്രകൾ
- ക്ലബ്ബ് പ്രവർത്തനങ്ങൾ
- സ്കൂൾ ദിനാചരണങ്ങൾ, അഭിമുഖം
- വിദ്യാലയവാണി - പത്രപ്രസിദ്ധീകരണം
- സ്കോളർഷിപ്പ് - പരിശീലനം
- ഓരോ കുട്ടിയും സ്വന്തമായി വായിക്കാനും എഴുതാനുമുള്ള കഴിവ് നേടുക.

# സാമൂഹികം

- ഭവന സന്ദർശനം
- ബാന്റ് ട്രൂപ്പ്
- ബോധവൽക്കരണ ക്ലാസുകൾ (ആരോഗ്യം, റോഡ് സുരക്ഷ. ലൈംഗിക സുരക്ഷിതത്വം. ലഹരി വിരുദ്ധ ബോധവൽക്കരണം
- ആഘോഷ ദിനങ്ങൾ ജനകീയമാക്കൽ (പ്രവേശനോത്സവം, ഓണം, ക്രിസ്തുമസ്
- കൗൺസിലിംഗ് പ്രോഗ്രാം
- സ്കൂൾ വാർഷികം.

## ലക്ഷ്യം

| പ്രവർത്തനം | കാലയളവ് | ചുമതല | പങ്കാളിത്തം |
|---|---|---|---|
| 1 ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയ പരിശീലനം | 2025 - 26 June to march | Sr. Reetha John | P.T.A |
| 2. പിന്നോക്ക വിദ്യാർത്ഥികൾക്ക് പരിശീലനം | " | Smt. Jainie Joseph | |
| 3 മികച്ച വായന | " | All Teachers | |
| 4. ബോധവൽക്കരണ ക്ലാസ്സുകൾ (For Parents and Students) | " | miss Helen mary | |
| 5 പച്ചക്കറിത്തോട്ടം | " | Smt. Haseena | |
| 6 സ്കൂൾ മാഗസിൻ | " | miss Helen mary | |
| 7 ലൈബ്രറി - വികസനം | " | Smt. Sindu varghese | |
| 8 യോഗ ക്ലാസ് | " | Smt Anitha Joseph | |
| 9 കലാ കായിക പരിശീലനം | " | Smt. Jainie Joseph | |
| 10 [illegible] | " | Smt. Saja Raphel | |
| 11 ഭവന സന്ദർശനം | July | All Teachers | |
| 12 ക്വിസ് - പ്രോഗ്രാം | " | miss Helen mary | |
| 13 E Cube E Language Lab | June to march | All Teachers. | |

## അടുത്ത വർഷത്തിൽ മുൻഗണന നൽകുന്ന മേഖല

1. ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയത്തിന് പ്രത്യേക പരിശീലനം
2. പിന്നാക്ക വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം
3. സാഹിത്യ സമാജം
4. മികച്ച വായന
5. ക്ക ബോധവൽക്കരണ ക്ലാസ്സുകൾ
6. പച്ചക്കറി തോട്ടം
7. സ്കൂൾ മാഗസിൻ
8. ലൈബ്രറി വികസനം
9. യോഗ
10. കലാ കായിക പരിശീലനങ്ങൾ
11. അഭിമുഖങ്ങൾ
12. സംയുക്ത ഡയറി
13. സർഗാത്മക ഡയറി

## പദ്ധതി രൂപരേഖ

പ്രവർത്തനം 1. ഇംഗ്ലീഷ് ഭാഷാ പോഷണം

ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് എളുപ്പമായി വായിക്കുവാനും, എഴുതുവാനും, സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ. കൂടാതെ New word Self introduction അവതരണം. | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| പ്രവർത്തനം 2 | ഇംഗ്ലീഷ് കോർണർ | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ഇംഗ്ലീഷ് പഠനത്തിനും സൃഷ്ടികൾ. | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ | മാസത്തിൽ ഒന്ന് | Sr. Beetha John |
| പ്രവർത്തനം 3 | പദപ്രശ്നം നിർമ്മാണം | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| കളികളിലൂടെ കൂടുതൽ ഇംഗ്ലീഷ് ഭാഷാപഠനം. | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം നൽകണം വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | മാസത്തിൽ ഒന്ന് | Sr. Beetha John |
| പ്രവർത്തനം 4 | ഇംഗ്ലീഷ് പൊതുവിജ്ഞാനം | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ഇംഗ്ലീഷ് പൊതുവിജ്ഞാനം മെച്ചപ്പെടുത്തുക | എല്ലാ വെള്ളിയാഴ്ചയും G.K ചോദ്യങ്ങൾ കുട്ടികൾക്ക് നൽകും. മാസവസാനം ക്വിസ് നടത്തി വിജയിയെ കണ്ടെത്തും | ജൂൺ മുതൽ മാർച്ച് വരെ | Helen Tr. |

# മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികസനം

## 5 രചന ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ വായന സാമഗ്രികളുടെ നിർമ്മാണം തെറ്റില്ലാതെ വാക്യങ്ങൾ എഴുതുക | കഥയരങ്ങ്, കവിയരങ്ങ് രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ അത് ക്ലാസിലെ വായന സാമഗ്രിയായി ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാ സാഹിത്യ വേദി & ക്ലബ് ടീച്ചർ |

## 6. സർഗ്ഗ സല്ലാപം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ അവരുടെ വായന, എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്ക് വെക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | H.M |

## 7 ഗ്രന്ഥശാല ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ — " — " — " — | വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ |

പ്രവർത്തനം 8 മലയാളത്തിളക്കം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| പിന്നാക്കം നിൽക്കുന്ന കുട്ടികളെ എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുന്നു. | മലയാളത്തിളക്കം എന്ന പദ്ധതിയിലൂടെ കുട്ടികൾക്ക് അധ്യാപകർ പരിശീലനം കൊടുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | Jamie Tr. |

പ്രവർത്തനം 9 സംയുക്ത ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയുവാനും എഴുതുവാനും കഴിയുന്നു. | കുട്ടികളുടെ ദൈനംദിന അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കുന്നു. സ്വന്തമായി രചന നടത്തുകയും ഭാഷാശേഷി വികസിപ്പിക്കുകയും ചെയ്യുന്നു. എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം 10 റീഡേഴ്സ് തീയേറ്റർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| സ്കൂളിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തീയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | പാഠപുസ്തകങ്ങളിലെയും ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങൾ റീഡേഴ്സ് തീയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു. സംഗീതം, ശബ്ദ വായന ഭാവാത്മക വായന തുടങ്ങിയവ ഫലപ്രദമായി ഉപയോഗിക്കുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം 11 → മണലിലെഴുത്ത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അക്ഷരം ഉറയ്ക്കാത്ത കുട്ടികളെ അക്ഷരം ഉറപ്പിക്കുക | ഒരു ട്രേയിൽ മണൽ നിരത്തി അക്ഷരം ഉറയ്ക്കാത്ത കുട്ടികൾക്ക് പരിശീലനം കൊടുക്കുന്നു. | അക്ഷരം ഉറയ്ക്കുന്നതു വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം 12 - പാട്ടരങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. | കുട്ടികവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു. ഈണം, താളം ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു. | സെപ്റ്റംബർ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ |

പ്രവർത്തനം 13 → ശ്രദ്ധ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെ അല്പം കൂടി മെച്ചപ്പെടുത്താൻ ശ്രമിക്കുന്നു. | കഴിഞ്ഞ വാർഷിക പരീക്ഷയിൽ 50% ത്തിൽ കുറവ് മാർക്ക് വാങ്ങിച്ചവർക്ക് (20%) പ്രത്യേക ശ്രദ്ധ കൊടുത്തുകൊണ്ട് പരിശീലിപ്പിക്കുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | Suja Tr. |

പ്രവർത്തനം-14 സ്കൂൾ പത്രം - വിദ്യാലയവാണി

| | | | |
|---|---|---|---|
| രചനാശേഷി പരിപോഷിപ്പിക്കുന്നു | ദൈനംദിന സ്കൂളിലെ അനുഭവങ്ങൾ തെറ്റില്ലാതെ വാർത്താരൂപത്തിൽ ലേഖനങ്ങളോടെ എഴുതുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം 15 ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ S.R.G യിൽ രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | S.R.G |
| പ്രവർത്തനം 16 → ബാൻഡ് ഗ്രൂപ്പ് പരിശീലനം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| സർഗാത്മക ശേഷികളുടെ വികസനം | സ്കൂളിലെ പ്രധാനപ്പെട്ട ദിവസങ്ങളെ കൂടുതൽ ശോഭിപ്പിക്കുന്നതിനു വേണ്ടി കുട്ടികൾക്ക് ബാൻഡിന്റെ പരിശീലനം കൊടുക്കുന്നു. | ജൂലൈ മുതൽ ജനുവരി വരെ | ബാൻഡ് മാസ്റ്റർ & Shaji Tr Anitha Tr. |
| പ്രവർത്തനം 17 - സംഗീത പരിശീലനം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| സംഗീതത്തിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ എല്ലാ കുട്ടികൾക്കും സംഗീതത്തിൽ പരിശീലനം കൊടുക്കുന്നു. [സാമ്പത്തികം സ്പോൺസർ] | ആഴ്ചയിൽ ഒരു പിരീഡ് | സംഗീത അധ്യാപിക |
| പ്രവർത്തനം 18 കായിക പരിശീലനം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | ദിവസവും കായിക പരിശീലനം, വിവിധ ഇനങ്ങളെ തരം തിരിച്ച് പരിശീലനം കൊടുക്കുന്നു. | ആഗസ്റ്റ് മുതൽ ജനുവരി വരെ | Jainie Tr Haseena Tr |

പ്രവർത്തനം 19 ഗണിത കളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാകുന്നു. ഗണിത പഠനം, കുട്ടി ബോധ്യം ഇനിയും വർദ്ധിക്കുന്നു. | വ്യത്യസ്തമായ ലെവലിന് അനുയോജ്യമായ ഗണിത കളികളിൽ ഏർപ്പെടുന്നു. കൂട്ടിനോക്കാനുള്ള കാര്യങ്ങൾ (സങ്കലനം) ഡൊമിനോ കളികൾ (വ്യവകലനം) ബോൾ കളി (ഗുണനം) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം 20 പരീക്ഷണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര പഠനം ആസ്വാദ്യകരമാക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ വ്യത്യസ്ത ഉപകരണങ്ങൾ ഉപയോഗിച്ച് സുരക്ഷ കൃത്യത പാലിച്ച് തെളിവും ചെയ്ത് അപഗ്രഥിച്ച് നിഗമനത്തിലെത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ക്ലാസ് ടീച്ചർ. |

പ്രവർത്തനം 21 മേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുന്നു. | സ്കൂൾ തല ശാസ്ത്ര മേളകളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിലെ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം. | Sindu Tr. |

പ്രവർത്തനം 22 കൗൺസലിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠന പിന്നാക്കാവസ്ഥ പരിഹരിക്കൽ | സ്കൂളിൽ കൗൺസലിങ് കഴിയുന്ന അധ്യാപകരുടെ സേവനം ലഭ്യമാക്കൽ | മാസത്തിൽ ഒന്ന് | Sr Reetha<br>Jainie Tr<br>Sindu Tr. |

| പ്രവർത്തനം 23 | പച്ചക്കറിത്തോട്ടം | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കാൻ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഹസീന ടീച്ചർ |
| പ്രവർത്തനം 24 | ക്ലാസ് പി.ടി.എ | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| കുട്ടികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ | ക്ലാസ് പി ടി എ കൃത്യമായ ഇടവേളകൾ വച്ച് പ്രതിമാസം ചേരൽ, പഠന-പാഠ്യേതര പരിപോഷിപ്പിക്കൽ മികവുകളുടെ അവതരണം പൊതു ചർച്ച എന്നിവ ഉൾക്കൊള്ളണം | പ്രതിമാസം | ക്ലാസ് ടീച്ചർ |
| പ്രവർത്തനം 25 | ഭവന സന്ദർശനം | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| കുട്ടിയെ അറിയുക. | അവധി ദിവസങ്ങളിൽ ഓരോ അധ്യാപകരും അവരുടെ ക്ലാസിലെ കുട്ടികളുടെ ജീവിത സാഹചര്യം മനസ്സിലാക്കുന്നതിനു വേണ്ടി ഭവനം സന്ദർശിക്കുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |
| പ്രവർത്തനം 26 | ഒരു ദിനം ഒരറിവ് | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| അറിവിൽ പൊതു വിജ്ഞാനം മെച്ചപ്പെടുത്താൻ | ഓരോ ദിവസവും ഓരോ ചോദ്യം വീതം കുട്ടികൾക്കും കൊടുക്കുന്നു മാസാവസാനം മത്സരം നടത്തി വിജയികൾക്ക് സമ്മാനം കൊടുക്കുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | Haseena. Tr |

പ്രവർത്തനം 27 E Cube E Language Lab

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| കുട്ടികളിൽ ഇംഗ്ലീഷ് പഠനത്തിന് താല്പര്യം ഉണ്ടാക്കാൻ | ഓരോ ക്ലാസിലും ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് ഇംഗ്ലീഷ് സ്റ്റോറി ടെൽ വീഡിയോ കണ്ട് അനുബന്ധ പ്രവർത്തനങ്ങൾ വ്യക്തിഗതമായി ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപിക |